**JANAYUGAM - 23-10-2024**

# ഭക്ഷ്യ ആധികാരികതയിൽ മികവിന്റെ കേന്ദ്രമായി ഐസിഎആർ സിഫ്റ്റ്

ജനയുഗം

കൊച്ചി: കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ- സിഫ്റ്റിനെ ഇന്ത്യയിലെ ആദ്യത്തെ ഭക്ഷ്യ ആധികാരികതയിലെ മികവിന്റെ കേന്ദ്രമായി പ്രഖ്യാപിച്ചു.



ഐസിഎആർ–സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാനും വാട്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പ്രസിഡന്റ് ടി അനിൽ കമാറും ധാരണാപത്രം കൈമാറുന്നു

കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ- സിഫ്റ്റ് വാട്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡുമായി സഹകരിച്ച് ഐസിഎആർ- നാഷണൽ അഗ്രികൾച്ചർ സയൻസ് ഫണ്ടിന്റെ (എൻഎഎസ്എഫ് ) ഫുഡ്സ്റ്റോമിക്സ് പദ്ധതിക്ക് കീഴിൽ "ഒമിക്സ് ടെക്നിക്കുകൾ ഉപയോഗിച്ച് ഭക്ഷ്യ ആധികാരികതയും നിരീക്ഷണങ്ങളും" എന്ന വിഷയത്തിൽ നടന്ന ഏകദിന ദേശീയ ശിൽപശാലയിലാണ് പ്രഖ്യാപനം നടന്നത്. ഇതു സംബന്ധിച്ച ധാരണാപത്രം ഐസിഎആർ- സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാനും വാട്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പ്രസിഡന്റ് ടി അനിൽ കമാറും കൈമാറി. ഈ പദവി സിഫ്റ്റിനെ ഭക്ഷ്യ ഉല്പന്നങ്ങളുടെ സമഗ്രത ഉറപ്പാക്കാൻ പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിന് സഹായകരമാകും.

ഹൈദരാബാദിലെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ (എൻഎഫ്ഡിബി) സീനിയർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എൽ എൻ മൂർത്തി മത്സ്യത്തിന്റെയും മത്സ്യ ഉല്പന്നങ്ങളുടെയും അന്തർദേശീയ നിലവാരത്തിന്റെ ആവശ്യകതയെക്കുറിച്ച് പ്രഭാഷണം നടത്തി. വാട്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ ഫുഡ് ആൻഡ് എൻവയോൺമെന്റ് മാർക്കറ്റിന്റെ അസോസിയേറ്റ് ഡയറക്ടർ ശ്രീനിവാസ് ബി ജോഷിയും സിഫ്റ്റിലെ സീനിയർ സയന്റിസ്റ്റ് ഡോ. നിലാദ്രി ശേഖർ ചാറ്റർജിയും ശില്പശാലകൾ നയിച്ചു.

സിഫ്റ്റിലെ ക്വാളിറ്റി അഷ്വറൻസ് ആൻഡ് മാനേജ്മെന്റ് (ക്യുഎം) വിഭാഗം മേധാവി ഡോ. സൈനുദ്ധീൻ എ എ, വാട്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പ്രസിഡന്റ് ടി അനിൽ കമാർ, സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഫെമീന ഹസ്സൻ എന്നിവർ സംസാരിച്ചു. ശിൽപശാലയിൽ സിഫ്റ്റിലെ വിദ്യാർത്ഥികൾ, ശാസ്ത്രജ്ഞർ, ഗവേഷണ പണ്ഡിതർ ഉൾപ്പെടെ നൂറുകണക്കിന് പേർ പങ്കെടുത്തു.